# സീറോ മലബാർ സഭയുടെ ക്ലിപ്ത അധികാരപരിധിക്കപ്പുറമുള്ള ക്നാനായരുടെ അജപാലന പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും

**ബാം**ഗ്ലൂരിലെ സ്വർഗ്ഗറാണി പള്ളിയെ ക്നാനായ കത്തോലിക്കർക്കുവേണ്ടിയുള്ള ഇടവകയാക്കണമെന്നുള്ള നിവേദനത്തിന് അനുവാദം കിട്ടാത്തതുമൂലം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ സീറോ മലബാർ സഭയുടെ ഭരണാതിർത്തിക്കപ്പുറത്ത് അധിവസിക്കുന്ന ക്നാനായർക്ക് സ്വന്ത മായി ഇടവകകൾ അനുവദിച്ചു കിട്ടുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാൻ ശ്രമിക്കുകയുമാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

**I തെക്കുംഭാഗ സമുദായം (Gens Suddistica)**

പതിനാറര നൂറ്റാണ്ടുകളിലെ സജീവ ചരിത്ര പാരമ്പര്യമനുസരിച്ച്, കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കിടയിലെ തെക്കുംഭാഗ സമുദായം അഥവാ ക്നാനായ സമുദായം ക്രിസ്ത്വബ്ദം 345 - ൽ ദക്ഷിണ മെസ്സപ്പൊട്ടാമിയായിൽ നിന്ന് ചേര രാജ്യ തലസ്ഥാനമായ കൊടു ങ്ങല്ലൂരിൽ കുടിയേറിയ ഏഴ് ഇല്ലം എഴുപത്തിരണ്ടു കുടുംബങ്ങളിൽപ്പെട്ട നാനൂറോളം യഹൂദ ക്രൈസ്തവർ സ്വസമുദായവിവാഹനിഷ്ഠയി ലൂടെ ജന്മം നൽകിയവരുടെ പിൻതലമുറക്കാരാണ്.

മാർത്തോമ്മാശ്ലീഹ കേരളത്തിൽ സ്ഥാപിച്ചിരുന്ന ക്രിസ്തീയ സഭ അക്കാലത്ത് പ്രധാനമായും മേല്പട്ടക്കാരും പട്ടക്കാരുമായ വൈദിക ശുശ്രൂഷികളുടെ അഭാവം മൂലം വലിയ കഷ്ടസ്ഥിതിയിലായിരുന്നതിനാൽ, അതിനെ ശക്തിപ്പെടുത്തുവാനായി, പേർഷ്യൻ സാമ്രാജ്യ തലസ്ഥാ നമായ സെലൂക്യ സ്റ്റെസിഫോണിലെ പൗരസ്ത്യ കാതോലിക്കാബാവ ആവിഷ്കരിച്ച ഒരു പ്രേഷിത പ്രസ്ഥാനമായിരുന്നത്രേ പ്രസ്തുത യഹൂദ ക്രൈസ്തവ കുടിയേറ്റം. അവരോടൊപ്പം ഉറഹാ മാർ യൗസേപ്പു മെത്രാനും നാലു കത്തങ്ങളും ഏതാനും ശെമ്മാശന്മാരും അയയ്ക്കപ്പെട്ടിരു ന്നു. ഏതദ്ദേശീയ ക്രൈസ്തവരിൽ ചിലർക്ക് ഉറഹാ മാർ യൗസേപ്പു മെത്രാൻ പട്ടം നൽകി. അവരുടെ സേവനത്തിലൂടെ കേരളത്തിലെ ക്രൈസ്തവ സഭ പൂർവാധികം ശക്തി ആർജിച്ച് വളർന്നു വന്നു.

കുടിയേറിയ യഹൂദക്രൈസ്തവ സമൂഹമാകട്ടെ എസ്രാ പ്രവാചകന്റെ കാലം തൊട്ടേ വംശീയ തനിമ നിലനിറുത്തുവാനായി സ്വസമു ദായവിവാഹനിഷ്ഠ (discipline of endogamy) പാലിക്കുന്നതിൽ അതീവ ശ്രദ്ധയുള്ളവരായിരുന്നു (പുറ. 34:16, നിയമ. 7:3; എസ്ര 9:12; നെഹെ, 13:25). ബാബിലോണിയൻ യഹൂദരിൽ വംശീയ തനിമ അതീവം നിഷ്കർഷിച്ചിരുന്ന ദക്ഷിണ മെസ്സപ്പൊട്ടാമിയൻ പ്രദേശങ്ങളിൽ (see Aharon Oppenheimer, *Babylonia Judaica*, Wiesbaden 1983, map on p. 548) നിന്നാണ് തെക്കുംഭാഗ പൂർവ്വികർ കൊടുങ്ങല്ലൂരിൽ കുടിയേ റിയത്. അതിനാൽ അവർ ഏതദ്ദേശീയ ക്രിസ്ത്യാനികളുമായി വിവാഹബന്ധത്തിലേർപ്പെട്ടില്ല. ഒരില്ലത്തിൽ നിന്ന് മറ്റൊരില്ലത്തിലേക്ക് എന്ന നിലയിൽ കുടിയേറ്റ സമൂഹത്തിൽ വിവാഹങ്ങൾ നടന്നു. അങ്ങനെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു പ്രത്യേക സമുദായ മായി അവർ നിലനിന്നു. ചേരമാൻ കൊട്ടാരത്തിനു തെക്കുഭാഗത്തു കുടിയേറ്റക്കാർ താമസമാക്കിയതിനാൽ അവർ തെക്കുംഭാഗർ എന്നും ഏതദ്ദേശീയ ക്രൈസ്തവ സമൂഹം വടക്കുംഭാഗർ എന്നും വിളിക്കപ്പെട്ടു.

പൗരസ്ത്യ കാതോലിക്കാ ബാവ നിയമിച്ച മേൽപ്പട്ടക്കാരന്റെ അധികാരത്തിൻ കീഴ് തെക്കുംഭാഗർക്കും വടക്കുംഭാഗർക്കും സ്വന്തം പള്ളി കളും പട്ടക്കാരും ഉണ്ടായിരുന്നു. അതായത് ഒരേ വൈദിക മേലദ്ധ്യക്ഷന്റെ അധികാരത്തിൻ കീഴ് ഇരുകൂട്ടർക്കും സ്വന്തമായി വ്യക്തിഗത അജ പാലനാധികാരമുള്ള സഭാഘടകങ്ങൾ ഉണ്ടായിരുന്നു. അതുവഴിയായി ഇരുകൂട്ടരുടേയും സാമുദായിക തനിമകൾ സഭാതലത്തിലും അംഗീ കൃതമാവുകയായിരുന്നു. അതെ സംവിധാനം തന്നെ അന്നു മുതൽ ഇന്നു വരെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കിടയിൽ കത്തോലിക്കാ അക ത്തോലിക്കാ വ്യത്യാസമെന്യേ നിലനിൽക്കുന്നു. വൈദിക മേലദ്ധ്യക്ഷന്മാരുടെ അധികാര ശ്രേണിയിൽ പിൽക്കാലത്ത് ഉയർച്ച ഉണ്ടായി എന്നു മാത്രം.

**II തെക്കുംഭാഗ (ക്നാനായ) സമുദായത്തിലെ അംഗത്വം**

ക്രിസ്ത്വബ്ദം 345-ൽ കൊടുങ്ങല്ലൂരിലേക്കു കുടിയേറിയ യഹൂദ ക്രൈസ്തവരിൽ തുടങ്ങി ഇന്നുവരെ തലമുറ തലമുറകളായി സ്വസമുദായവിവാഹനിഷ്ഠ (discipline of endogamy)പാലിച്ചവരിൽ നിന്നു ജന്മം ലഭിച്ചിട്ടുള്ളവരാണ് തെക്കുംഭാഗർ അഥവാ ക്നാനായർ. ക്നാനായ മാതാപിതാക്കളിൽ നിന്നുള്ള ജനനം വഴി മാത്രമേ ക്നാനായ സമുദായത്തിൽ അംഗത്വം ലഭിക്കൂ. അതിനാൽ സ്വസമു ദായവിവാഹനിഷ്ഠ ക്നാനായ സമുദായത്തിന്റെ സ്വയം സംരക്ഷണത്തിനുള്ള (self preservation) അവശ്യ ഘടകമാണ്. ആ നിഷ്ഠ ഇനി വേണ്ടഎന്നു വയ്ക്കുന്നത് ക്നാനായ സമുദായത്തിന് ആത്മഹത്യാപരമായിരിക്കും. അതുകൊണ്ട് ക്നാനായ മാതാപിതാക്കളിൽ നിന്നുള്ള ജനനം വഴി മാത്രമേ ക്നാനായ സമുദായത്തിൽ അംഗത്വമുണ്ടാകൂ എന്ന പാരമ്പര്യനിയമം മാറ്റുവാൻ പാടില്ല. അതു മാറ്റുവാൻ ആർക്കും അധികാരമി ല്ല. അതുമാറ്റിയാൽ പിന്നെ പതിനാറര നൂറ്റാണ്ടു കാലം നിലനിന്നിരുന്ന ക്നാനായ സമുദായം അതിന്റെ തനിമയിൽ ഉണ്ടായിരിക്കയില്ല.

സ്വസമുദായവിവാഹനിഷ്ഠ പാലിക്കാതെ ഇപ്പോൾ സമുദായാംഗങ്ങളിൽ കുറെപ്പേർ സമുദായേതരുമായി വിവാഹ ബന്ധത്തിലാകുന്നതു കൊണ്ട് സമുദായാംഗങ്ങളുടെ അംഗസഖ്യ ക്ഷയിച്ചു പോകുന്നുണ്ടെന്ന് ചിലർ ആവലാതിപ്പെടുന്നുണ്ട്. എന്നാൽ, വ്യക്തിപരമായ ചില കാരണ ങ്ങൾ കൊണ്ടാണ് ഇപ്രകാരമുള്ള വിവാഹങ്ങൾ നടക്കുന്നത് എന്നതാണ് പരമാർത്ഥം; സ്വസമുദായവിവാഹനിഷ്ഠയോടുള്ള എതിർപ്പു കൊണ്ടല്ല. നിഷ്ഠ പാലിച്ചു കൊണ്ടുപോകുവാൻ സഹായകമായ സാഹചര്യങ്ങൾ ഉണ്ടാക്കി കൊടുക്കുകയാണു കരണീയം. കുറെ പൊഴിച്ചിലുകൾ ഉണ്ടാ യാലും, ദൈവസഹായത്താൽ തീർച്ചയായും ശക്തമായ ഒരു അവശിഷ്ടഭാഗം ക്നാനായ സമുദായത്തിന് ഉണ്ടായിരിക്കുമെന്ന് നമുക്ക് സമാശ്വ സിക്കാം. (എസ്ര 9:15).

**III സ്വസമുദായവിവാഹനിഷ്ഠയും ക്നാനായ സഭാഘടകവും**

ക്നാനായർ ആരംഭം മുതലെ സ്വസമുദായവിവാഹനിഷ്ഠ പാലിച്ചിരുന്ന സമുദായമാണ്. ആ സമുദായത്തിനു വേണ്ടി വ്യക്തിഗത അജപാ ലനാധികാരമുള്ള പള്ളികളും പട്ടക്കാരുമടങ്ങുന്ന സഭാഘടകമുണ്ടായിരുന്നു. ഇന്നത്തെ കാനോനിക സംവിധാനത്തിൽ അവ വ്യക്തിഗത ഇടവ കകൾ ആയിരുന്നു. പൗരസ്ത്യ സുറിയാനി, ലത്തീൻ വൈദിക മേലദ്ധ്യക്ഷന്മാരുടെ ഭരണത്തിലൂടെ കടന്ന്, ഏതദ്ദേശീയ വൈദിക മേലദ്ധ്യക്ഷ ഭരണം തുടങ്ങിയതിനുശേഷമാണ് ക്നാനായരുടെ വ്യക്തിഗത ഇടവകകൾ 1911-ൽ തെക്കുംഭാഗ ജനത്തിനായി സ്ഥാപിക്കപ്പെട്ട കോട്ടയം അപ്പ സ്തോലിക്ക് വികാരിയാത്തിൽ ഏകീകരിക്കപ്പെട്ടത്. 1923-ലെ കോട്ടയം രൂപതയും 2005-ലെ കോട്ടയം അതിരൂപതയും അതിന്റെ തുടർവളർച്ച യാണ്.

ക്നാനായർ സ്വസമുദായവിവാഹനിഷ്ഠ പാലിക്കുന്ന സമുദായമാണ്. ഈ സമുദായാംഗങ്ങൾക്കുവേണ്ടിയുള്ള വ്യക്തിഗത ഇടവകകളിലും അതിരൂപതയിലും സ്വാഭാവികമായി സ്വസമുദായവിവാഹനിഷ്ഠ പാലിക്കുന്നവർക്കേ അംഗത്വമുണ്ടാകൂ. എ.ഡി. 345 മുതൽ നിലനിന്നിരുന്ന സംവി ധാനമാണത്. കോട്ടയം അതിരൂപതയിലെ എല്ലാ ഇടവകകൾക്കും ഈ നിയമം ബാധകമാണ്. പതിനാറര നൂറ്റാണ്ടിലധികം പ്രാബല്യത്തിലിരുന്ന ആ പാരമ്പര്യനിയമം ക്രിസ്തീയ വിശ്വാസത്തിനോ സന്മാർഗ്ഗത്തിനോ സുവിശേഷ മൂല്യങ്ങൾക്കോ എതിരല്ല എന്ന വസ്തുത ക്നാനായ സമു ദായത്തെ അംഗീകരിക്കുന്ന സഭാധികാരികൾ എല്ലാവരും അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാഗ്യ സ്മരണാർഹനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ 2003 ഡിസംബർ മാസം 23-ാം തീയതി ചെയ്ത പരമാധികാര നിശ്ചയം (sovereign decision) വഴി അക്കാര്യം വീണ്ടും സ്ഥിരീകരിച്ചിരിക്കുന്നു.

**IV സ്വയാധികാരസഭയുടെ ക്ലിപ്ത അധികാരപരിധി (Proper territory)ക്കു വെളിയിൽ ക്നാനായർക്കു വേണ്ടിയുള്ള ഇടവകകൾ**

ക്നാനായ സമുദായത്തിന്റെ അടിസ്ഥാന സ്വഭാവം അവർ എവിടെ അധിവസിച്ചാലും ഒന്നുതന്നെ. സ്വയാധികാരസഭയുടെ ക്ലിപ്ത അധി കാരപരിധിക്കുള്ളിലും വെളിയിലും വ്യത്യാസമുണ്ടാകുകയില്ല. അധികാരപരിധിക്കു പുറമേ ഏതെങ്കിലും പ്രദേശത്ത് ഗണ്യമായ സംഖ്യ ക്നാനാ യർ ഉണ്ടായിരിക്കുകയും സഭയുടെ നിയമങ്ങൾക്കനുസൃതമായി പൗരസ്ത്യരോ പാശ്ചാത്യരോ ആയ സ്ഥലമേലധ്യക്ഷന്മാരുടെ അജപാലനാധി കാരത്തിൻ കീഴ് അവർക്കുവേണ്ടി വ്യക്തിഗത ഇടവകകൾ (Personal parishes) സ്ഥാപിക്കുന്നത് ഉചിതമെന്ന് തീരുമാനിക്കുകയും ചെയ്യുമ്പോൾ ആ ഇടവകകളുടെ സ്വഭാവം സ്വയാധികാരസഭയുടെ അധികാരപരിധിക്കുള്ളിലുള്ള ക്നാനായ ഇടവകകളുടേതിൽ നിന്ന് വ്യത്യസ്തമാകുവാൻ

പാടില്ല. സ്വസമുദായവിവാഹനിഷ്ഠ പാലിക്കുന്ന ക്നാനായർക്കുമാത്രമേ അവയിൽ അംഗത്വം നൽകാവൂ.

എന്നാൽ ഇതിനു വിരുദ്ധമാണ് പൗരസ്ത്യ തിരുസംഘം 1986-ൽ ചിക്കാഗോ ലത്തീൻ ആർച്ച് ബിഷപ്പിന് ക്നാനായ സ്പെഷ്യൽ മിനിസ്ട്രിയെ സംബന്ധിച്ചു നൽകിയ Rescript-ഉം 1997-ൽ അതിനെക്കുറിച്ച് അഭിവന്ദ്യ കുന്നശ്ശേരി പിതാവിന്റെ പെറ്റീഷന് നൽകിയ മറുപടിയും തുടർന്ന് അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്തിനു നൽകിയ instruction-ഉം, അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിലിനു നൽകിയ അറിയിപ്പും, അതനുസരിച്ച് ഇപ്പോൾ ബാംഗ്ലൂരിലെ സ്വർഗ്ഗറാണി പള്ളിയെ സംബന്ധിച്ചു വർക്കി പിതാവ് സ്വീകരിച്ചിരിക്കുന്ന നിലപാടും.

പൗരസ്ത്യ തിരുസംഘത്തിൽ നിന്നുള്ള പ്രസ്തുത നിർദ്ദേശങ്ങൾ ക്നാനായ സമുദായത്തിന്റെ അടിസ്ഥാന സ്വഭാവത്തിന് വിരുദ്ധമാകയാൽ അവ സമുദായത്തിന് ഒരിക്കലും സ്വീകാര്യമായിരുന്നില്ല. അവ ഉദ്ദേശിക്കപ്പെട്ടിരുന്ന പ്രദേശങ്ങളിൽ സമുദായം അവ നടപ്പിലാക്കിയിട്ടില്ല. 21 വർഷങ്ങളായി എതിർപ്പ് തുടരുകയാണ്. കാരണം, ക്നാനായ സമുദായത്തിന്റെ സ്വയം സംരക്ഷണത്തിന് (Self preservation) അവശ്യഘടകമായ സ്വസമുദായവിവാഹനിഷ്ഠ കൈവിട്ടുകളയുന്നത് ആത്മഹത്യാപരമായിരിക്കും. ഈ നിഷ്ഠ സമുദായം സ്വയം ഏറ്റെടുത്തിട്ടുള്ളതാണ്; പുറമെനിന്ന് ആരും സമുദായത്തിന്റെ മേൽ കെട്ടിവച്ചതല്ല. നിഷ്ഠ അഭംഗുരം നിലനിറുത്തുന്ന കാര്യത്തിൽ വിട്ടുവീഴ്ചയ്ക്ക് ഇടമില്ല; അതു തുടർന്നുകൊണ്ടേയിരിക്കണം. അതുകൊണ്ട് നിയമാനുസൃത സ്ഥലമേലധ്യക്ഷന്മാർക്ക് മറ്റെല്ലാ കാര്യങ്ങളിലും പൂർണ്ണമായി വിധേയരായിക്കൊണ്ട് സമുദായം ഒറ്റക്കെട്ടായി ഈ Rescript നടപ്പാക്കുന്നതിന് എതിർപ്പ് തുടരുകയാണ്, ഇനിയും തുടരുന്നതായിരിക്കും. ചിക്കാഗോയിലെ ക്നാനായ സമുദായാംഗങ്ങൾ അവിടുത്തെ ലത്തീൻ ആർച്ചുബിഷപ്പിന്റെ അധികാരത്തിൽ കീഴ് ക്നാനായ കത്തോലിക്കർക്കുവേണ്ടിയുള്ള സ്പെഷ്യൽ മിനിസ്ട്രി നടത്തിക്കൊണ്ടിരുന്നപ്പോൾ എടുത്ത നിലപാടതാണ്. ക്നാനായേതരെ വിവാഹം ചെയ്തിരുന്ന ജന്മനാ ക്നാനായരായവർക്കും ക്നാനായ കത്തോലിക്കാ സ്പെഷ്യൽ മിനിസ്ട്രിയിൽ Rescript അനുസരിച്ച് തുല്യാംഗത്വം നൽകുവാൻ വിസമ്മതിച്ച് അന്നുമുതൽ പാരീഷ് കൗൺസിലോ യോഗമോ ഇല്ലാതെ ushers- ന്റെ സേവനം മാത്രമുപയോഗിച്ച് ക്നാനായ കാത്തലിക്ക് സ്പെഷ്യൽ മിനിസ്ട്രി അതിനായി നിയോഗിക്കപ്പെട്ട കോട്ടയം രൂപതാ വൈദികന്റെ നേതൃത്വത്തിൽ നിർവഹിച്ചുപോന്നിരുന്നു. ചിക്കാഗോ സെന്റ് തോമസ് സീറോ-മലബാർ രൂപതയുടെ ഭാഗമായ പത്തു ക്നാനായ മിഷനുകളിലും അതേ നിലപാടുതന്നെയാണ് തുടർന്നു പോരുന്നത്.

Rescript പുനരവലോകനം ചെയ്ത് പിൻവലിക്കുകയോ ക്നാനായ സമുദായത്തിന്റെ സ്വഭാവത്തിനനുസൃതം ഭേദഗതി ചെയ്യുകയോ വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് സമഗ്രമായ ഒരു പെറ്റീഷൻ 1996-ൽ തിരുസ്സംഘത്തിനു സമർപ്പിച്ചിരുന്നു. (see *Kynanaya Pearl*. ed. G. Karukaparambil, Kottayam 2005, pp. 25-51). പക്ഷേ 1997 ഒക്ടോബർ 3-ന് തിരുസ്സംഘത്തിൽ നിന്നു ലഭിച്ച മറുപടി നമുക്ക് അനുകൂലമായിരുന്നില്ല. ഇനിയും ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ, അത് മേജർ ആർച്ച് ബിഷപ്പിന്റെ പേരിലോ അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടിയോ ആയിരിക്കണമെന്ന് കാർഡിനൽ പ്രീഫെക്ടിന്റെ കത്തിൽ നിർദ്ദേശിച്ചിരുന്നു.

2001-ൽ ചിക്കാഗോ സീറോ - മലബാർ രൂപത സ്ഥാപിച്ച് മാർ ജേക്കബ് അങ്ങാടിയത്തു പിതാവിനെ അതിന്റെ മെത്രാനായി നിയമിച്ചപ്പോൾ അദ്ദേഹത്തിന് പൗരസ്ത്യതിരുസംഘം നൽകിയ instruction-ൽ ആവശ്യപ്പെട്ടിരുന്നു, ക്നാനായ സമുദായത്തിനുവേണ്ടിയുള്ള മിഷനുകളുടെ നടത്തിപ്പിൽ 1986-ലെ നിർദ്ദേശം കണക്കിലെടുക്കണമെന്ന്. എങ്കിലും നമ്മുടെ മിഷനുകളിൽ പ്രസ്തുത Rescript നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. അടുത്തകാലത്ത് 2005 ആഗസ്റ്റ് 12-ന് ചിക്കാഗോ സീറോ - മലബാർ രൂപതയിലെ ക്നാനായ സമുദായങ്ങൾക്കുവേണ്ടിയുള്ള പത്തുമിഷനുകളുടെ വൈദിക ഡയറക്ടേഴ്സും അൽമായ പ്രതിനിധികളും ഒപ്പിട്ട്, അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്തു പിതാവിന്റെ ശിപാർശയോടെ ഒരു നിവേദനം പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് അത്യുന്നത കർദ്ദിനാൾ മൂസാ ദാവൂദ് തിരുമനസ്സിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. മുൻപ്രസ്താവിച്ച നിർദ്ദേശം നടപ്പാക്കാൻ നിർബന്ധിക്കരുത്, അതു റദ്ദാക്കിത്തരണമെന്നാണ് നിവേദനം.

പിന്നെയും ഇപ്പോൾ ഇൻഡ്യയിൽത്തന്നെ സീറോ മലബാർ സ്വയാധികാരസഭയുടെ ക്ലിപ്ത അധികാര പരിധിക്കു വെളിയിൽ, ഡൽഹി, ബോംബെ, ബാംഗ്ലൂർ, മദ്രാസ് തുടങ്ങിയ വൻനഗരങ്ങളിൽ താമസമാക്കിയിരിക്കുന്ന ക്നാനായ സമുദായാംഗങ്ങൾക്കുവേണ്ടി വ്യക്തിഗത ഇടവകകൾ സീറോ-മലബാർ അഥവാ ലത്തീൻ സഭകളിലെ സ്ഥലമേലധ്യക്ഷന്മാരുടെ അജപാലനാധികാരത്തിൻകീഴ് സ്ഥാപിതമാകുന്നതിനും പ്രതിബന്ധമുണ്ടായിരിക്കുകയാണ്. ബാംഗ്ലൂരിൽ കോട്ടയം അതിരൂപതയുടേതായി മാർ മാക്കീൽ ഗുരുകുലം സെമിനാരിയുണ്ട്. ക്നാനായ സമുദായാംഗങ്ങൾ തങ്ങൾക്കുവേണ്ടി സ്വർഗ്ഗറാണി നഗറിൽ ഒരു ദൈവാലയവും നിർമ്മിച്ചിട്ടുണ്ട്. സ്വർഗ്ഗറാണി പള്ളിയും മാർ മാക്കീൽ ഗുരുകുലവും കേന്ദ്രീകരിച്ച് ബാംഗ്ലൂരിലും പ്രാന്തപ്രദേശങ്ങളിലും വസിക്കുന്ന ക്നാനായ സമുദായാംഗങ്ങൾക്കുവേണ്ടി രണ്ടു വ്യക്തിഗത ഇടവകകൾ സ്ഥാപിച്ചുകിട്ടണമെന്ന് ബാംഗ്ലൂർ ലത്തീൻ ആർച്ച് ബിഷപ്പിന് അപേക്ഷ സമർപ്പിക്കപ്പെട്ടു. പക്ഷേ, മേജർ ആർച്ച് ബിഷപ് കാർഡിനൽ മാർ വർക്കി വിതയത്തിൽ പിതാവിന്റെ സമ്മതം കൂടി ആവശ്യമാണ്. സ്വസമുദായ വിവാഹനിഷ്ഠ പാലിക്കാത്ത ജന്മനാ ക്നാനായരായവർക്ക് തുല്യാംഗത്വം നിഷേധിച്ചുകൊണ്ടുള്ള വ്യക്തിഗത ഇടവകകൾ സീറോ-മലബാർ സഭയുടെ അധികാര പരിധിക്കുവെളിയിൽ സ്ഥാപിക്കുന്നതിന് പൗരസ്ത്യ തിരുസംഘത്തിന്റെ വിലക്ക് ഉള്ളതുകൊണ്ട് തനിക്ക് അതിനു സമ്മതിക്കുവാൻ സാധിക്കുന്നില്ല എന്ന മറുപടിയാണ് കാർഡിനൽ വർക്കിപ്പിതാവ് നൽകിയിരിക്കുന്നത്.

പ്രശ്ന പരിഹാരത്തിന് പൗരസ്ത്യ തിരുസംഘത്തിനു തന്നെ അപ്പീൽ നൽകണം. 1997-ൽ അഭിവന്ദ്യ കുന്നശ്ശേരി പിതാവിന് പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ അക്കില്ലെ സിൽവെസ്ത്രീനി നൽകിയ നിർദ്ദേശമനുസരിച്ച് ഏതൽസംബന്ധമായ കാര്യങ്ങൾ ഇനിയും തിരുസംഘത്തെ ബോധിപ്പിക്കേണ്ടത് മേജർ ആർച്ച് ബിഷപ്പിന്റെ പേരിലോ, അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടിയോ ആവണം. നമ്മുടെ അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അതിനായി അത്യുന്നത കർദ്ദിനാൾ മേജർ ആർച്ച് ബിഷപ്പിന്റെ സമ്മതം അപേക്ഷിച്ചു. തനിക്കതിന് വിയോജിപ്പില്ല എന്ന സമ്മതപത്രം വർക്കിപിതാവ് നൽകുകയും ചെയ്തു. അതിൻപ്രകാരം 1986-ലെ Rescript നിർദ്ദേശം പിൻവലിച്ച് നമ്മുടെ പ്രശ്നം പരിഹരിച്ചു നൽകണമെന്ന് അഭിവന്ദ്യ മൂലക്കാട്ട് പിതാവ് അത്യുന്നത കർദ്ദിനാൾ മൂസാ ദാവൂദിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സീറോ-മലബാർ സ്വയാധികാരസഭയുടെ ക്ലിപ്ത അധികാരപരിധിക്കുള്ളിൽ ഉള്ള ക്നാനായ വ്യക്തിഗത ഇടവകകളുടെ സ്വഭാവം തന്നെയുള്ള വ്യക്തിഗത ഇടവകകൾ സ്വയാധികാരസഭയുടെ അധികാര പരിധിക്കുവെളിയിലും ഉണ്ടാകുന്നതിന് ദൈവശാസ്ത്രപരമോ കാനോനികമോ ആയ തടസങ്ങൾ ഒന്നുമില്ല എന്ന് പരിശുദ്ധ റോമാ സിംഹാസനം അംഗീകരിക്കേണ്ടിയിരിക്കുന്നു. 1986-ൽ ചിക്കാഗോ ലത്തീൻ ആർച്ച് ബിഷപ്പിന് ക്നാനായ സ്പെഷ്യൽ മിനിസ്ട്രിയെ സംബന്ധിച്ച് പൗരസ്ത്യ തിരുസംഘം നൽകിയ Rescript ലെ പിഴവുകൾ അഭിവന്ദ്യ കുന്നശ്ശേരി പിതാവ് 1996-ൽ നൽകിയ പെറ്റീഷനിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. Rescript പരി. സിംഹാസനം suo moto നൽകിയ കല്പനയല്ല; ലത്തീൻ ആർച്ച് ബിഷപ്പ് അന്നത്തെ സാഹചര്യത്തിൽ സമർപ്പിച്ച പ്രശ്ന പരിഹാരമാർഗ്ഗം പൗരസ്ത്യ തിരുസംഘം അനുവദിച്ചു കൊടുക്കുകയായിരുന്നു. സഭാ നിയമ സ്രോതസ്സ് എന്ന നിലയിൽ ഒരു Rescript ന് ഉള്ള മൂല്യം തുലോം തുച്ഛമാണ്. അതിലെ പിഴവുകൾ കണക്കിലെടുത്ത്, മാറി വന്നിട്ടുള്ള സാഹചര്യത്തിൽ Rescript പിൻവലിക്കാവുന്നതേയുള്ളൂ. ലത്തീൻ സഭയിലെ സ്ഥലമേലദ്ധ്യക്ഷനായ ചിക്കാഗോ ആർച്ചുബിഷപ്പിന്റെ അജപാലനാധികാരത്തിൽ കീഴ് സീറോ - മലബാർ സഭാംഗങ്ങളായ ക്നാനായ കത്തോലിക്കർക്കുവേണ്ടിയുള്ള സ്പെഷ്യൽ മിനിസ്ട്രിയെ സംബന്ധിച്ചായിരുന്നു 1986-ലെ Rescript. ഇന്ന് നമുക്കുള്ളത് സീറോ മലബാർ സഭയുടെ ക്ലിപ്ത അധികാര പരിധിക്കുവെളിയിൽ ചിക്കാഗോ ആസ്ഥാനമായി സ്ഥാപിതമായിരിക്കുന്ന സീറോ - മലബാർ രൂപതയിലെ ക്നാനായ സമുദായാംഗങ്ങൾക്കുവേണ്ടിയുള്ള വ്യക്തിഗത ക്നാനായ കത്തോലിക്കാ മിഷനുകളാണ്. സ്വയാധികാര സഭയുടെ അധികാര പരിധിക്കുള്ളിൽ സ്വസമുദായവിവാഹനിഷ്ഠ പാലിക്കുന്ന ക്നാനായ സമുദായാംഗങ്ങൾക്കു വേണ്ടി ഇടവകകളും അതിരൂപതയും ഉണ്ടാകാമെങ്കിൽ, സ്വയാധികാരസഭയുടെ അധികാര പരിധിക്കുവെളിയിലും ക്നാനായ കത്തോലിക്കർക്കുവേണ്ടി അപ്രകാരമുള്ള ഇടവകകളും മിഷനുകളും ഉണ്ടാകുന്നതിന് ദൈവശാസ്ത്രപരമോ കാനോനികമോ ആയ തടസ്സങ്ങളൊന്നും ഉണ്ടാവാൻ കാരണമില്ല. അതുകൊണ്ട് അഭിവന്ദ്യ മൂലക്കാട്ട് പിതാവ് നൽകിയിട്ടുള്ള അപ്പീൽ അനുവദിച്ചു കിട്ടുമെന്നു നമുക്ക് പ്രതീക്ഷിക്കാം.

## V തടസ്സവാദങ്ങൾ

1. ക്നാനായരായ മാതാപിതാക്കളിൽ നിന്നുള്ള ജനനം വഴി മാത്രമേ ക്നാനായ സമുദായത്തിലും ക്നാനായ സഭാഘടകത്തിലും അംഗത്വം ലഭിക്കൂ. ജന്മനാ ക്നാനായനായ ഒരു പുരുഷൻ ക്നാനായ സമുദായത്തിലും ക്നാനായ ഇടവകയിലും അംഗത്വമുള്ളപ്പോൾ ഒരു ക്നാനായേതര സ്ത്രീയെ വിവാഹം ചെയ്യാൻ തീരുമാനിച്ചാൽ എന്തിന് സ്വന്തം രൂപതയേയും ഇടവകയേയും ത്യജിച്ച് ക്നാനായേതര രൂപതയിലും ഇടവകയിലും അംഗത്വമെടുക്കണം?

സ്വസമുദായ വിവാഹനിഷ്ഠ പാരമ്പര്യ നിയമമായിരിക്കുന്നതിനാൽ പരമ്പരാഗതമായി നടന്നുകൊണ്ടിരിക്കുന്ന നടപടിക്രമമാണത്. അപ്രകാരം നടക്കുന്ന വിവാഹത്തിലെ ക്നാനായേതര ഭാര്യയ്ക്കോ അവളിൽ നിന്നുണ്ടാകുന്ന മക്കൾക്കോ ക്നാനായരാകുവാൻ സാദ്ധ്യമല്ല. ക്നാനായ

സമുദായത്തിലോ ക്നാനായ സഭാ ഘടകത്തിലോ അവർക്ക് അംഗത്വം ലഭിക്കുകയില്ല.

വിവാഹം വഴി ഒന്നിക്കപ്പെടുന്ന വരനും വധുവും അവർക്കു ജനിക്കുന്ന മക്കളും ഒരു കുടുംബമാണ്. കുടുംബമെന്ന നിലയിൽ ഒന്നിച്ച് അജപാലന ശുശ്രൂഷ ലഭിക്കുന്നതാണ് കുടുംബത്തിന്റെ സുസ്ഥിതിക്ക് ഉത്തമം.

സമുദായം വിട്ട് വിവാഹം നടത്തുന്ന ജന്മനാ ക്നാനായനായ പുരുഷനാകട്ടെ വധുവിന്റെ രൂപതയിലും ഇടവകയിലും അംഗമായി സ്വീകരിക്കപ്പെടുന്നതിന് സാമുദായികമോ കാനോനികമോ ആയ പ്രതിബന്ധമൊന്നുമില്ല. അതുകൊണ്ടാണ് സ്വന്തം രൂപതയിൽ നിന്നും ഇടവകയിൽ നിന്നും വിടുതൽ നേടി വധുവിന്റെ സമുദായത്തിനു സ്ഥലത്തുള്ള രൂപതയിലും ഇടവകയിലും അംഗത്വം എടുക്കുന്നത്.

മറ്റൊരുവാദമുണ്ട്: ജന്മനാ ക്നാനായനായ പുരുഷൻ ക്നാനായേതര സ്ത്രീയെ വിവാഹം ചെയ്യുമ്പോൾ എന്തുകൊണ്ട് സ്വന്തം ക്നാനായ ഇടവകയിൽ തുടർന്നുകൂടാ?

ക്നാനായേതര സ്ത്രീയും അവളിൽ നിന്നു ജനിക്കുന്ന മക്കളും സ്ഥലത്തെ ക്നാനായേതര ഇടവകയിൽ അംഗങ്ങളായിക്കൊണ്ട്, കുടുംബനാഥനോടൊപ്പം ക്നാനായ ഇടവകയിൽ നിന്ന് അജപാലനം സ്വീകരിക്കാൻ രൂപതാദ്ധ്യക്ഷനിൽ നിന്ന് ഡെലഗേഷൻ അനുവാദം വാങ്ങിയാൽ പോരേ?

പക്ഷേ, സ്വന്തം ഇടവകയിൽ നിന്നാണ് സാധാരണമായി അജപാലനം സ്വീകരിക്കേണ്ടത്. അസാധാരണാവസരങ്ങളിൽ മാത്രമേ ഡെലഗേഷനോടുകൂടി അന്യ ഇടവകയിൽ നിന്ന് അജപാലനം സാധ്യമാക്കാവൂ.

മേൽപറഞ്ഞ ഡെലഗേഷൻ അനുവാദത്തോടെ ക്നാനായ ഇടവകയിൽ നിന്ന് അജപാലനം സ്വീകരിച്ചുകൊണ്ടിരിക്കുന്ന ക്നാനായേതര ഭാര്യയുടെയും മക്കളുടെയും സ്ഥിതി ക്നാനായ ഭർത്താവിന്റെ നിര്യാണത്തിനുശേഷം എന്തായിരിക്കും? ഡെലഗേഷൻ ഉപയോഗിച്ച് അവർ ക്നാനായ ഇടവകയിൽ തുടരേണ്ടതില്ലല്ലോ. സ്വന്തം ഇടവകയിലേക്ക് മടങ്ങിപ്പോകേണ്ടിവരില്ലേ? എങ്കിൽ എന്തിന് ഈ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു? വിവാഹത്തോടെതന്നെ പരമ്പരാഗതമായ നടപടിക്രമമനുസരിച്ച് ക്നാനായേതര സ്ത്രീയെ വിവാഹം ചെയ്യുന്ന ക്നാനായ പുരുഷൻ വധുവിന്റെ സമുദായത്തിനു സ്ഥലത്തുള്ള രൂപതയിലും ഇടവകയിലും അംഗത്വം സ്വീകരിക്കുന്നതല്ലേ ഉത്തമം?

## VI ക്നാനായരുടെ സ്വന്തമായ സഭാഘടകം

ആദ്യകാലംമുതൽ തെക്കുംഭാഗർക്കും വടക്കുംഭാഗർക്കും സ്വന്തമായ പള്ളികളും അജപാലനത്തിന് സ്വന്തമായ പട്ടക്കാരുമുണ്ടായിരുന്നു. ഓരോ കൂട്ടരും അവരവരുടെ പട്ടക്കാരിൽ നിന്നാണ് വൈദിക ശുശ്രൂഷകൾ സ്വീകരിച്ചിരുന്നത്. ഒരേ ഗ്രാമത്തിൽ തന്നെ ചില പ്രദേശങ്ങളിൽ ഇരുകൂട്ടർക്കും വെവ്വേറെ പള്ളികളുണ്ടായിരുന്നു. മറ്റുചില സ്ഥലങ്ങളിലാകട്ടെ ഒരേ പള്ളിയിൽ തന്നെ ഇരുകൂട്ടരും തങ്ങളുടെ സ്വന്തം വൈദിക ഗണത്തിൽ നിന്ന് ആദ്ധ്യാത്മിക ശുശ്രൂഷകൾ സ്വീകരിച്ചുപോന്നു. ഇവ അരപ്പള്ളികൾ എന്നറിയപ്പെട്ടിരുന്നു. 1524-ലെ യുദ്ധത്തിൽ കൊടുങ്ങല്ലൂരെ ക്നാനായ പള്ളികൾ അഗ്നിക്കിരയായ ശേഷം 16-ാം നൂറ്റാണ്ടിൽ ക്നാനായ സമുദായത്തിന് അഞ്ചരപ്പള്ളികളാണ് ഉണ്ടായിരുന്നത്. കടുത്തുരുത്തി, ഉദയംപേരൂർ, കോട്ടയം, കല്ലിശ്ശേരി, ചുങ്കം എന്നീ അഞ്ചു പള്ളികളും ചെമ്പിൽ, പിറവം, തൃപ്പൂണിത്തുറ, പാല, ചേർപ്പുങ്കൽ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി മുതലായ സ്ഥലങ്ങളിൽ അരപ്പള്ളികളും. (see Hyacinth de Magistris, S.J. in 1658).

പൗരസ്ത്യ സുറിയാനി മെത്രാൻമാരുടെ ഭരണകാലത്ത് ഒരേ വൈദിക മേലധ്യക്ഷന്റെ അജപാലനാധികാരത്തിൽ തെക്കുംഭാഗർക്കും വടക്കുംഭാഗർക്കും പ്രത്യേകം പ്രത്യേകം പള്ളികളും പട്ടക്കാരുമെന്ന സഭാഘടകങ്ങൾ ഉണ്ടായിരുന്നു. 1597-ൽ മാർ അബ്രാഹം മെത്രാപ്പോലീത്ത നിര്യാതനായതിനുശേഷം ഗോവയുടെ ലത്തീൻ മെത്രാപ്പോലീത്ത ദോം മെനേസീസ് 1599-ൽ വിളിച്ചുകൂട്ടിയ ഉദയംപേരൂർ സൂനഹദോസിന്റെ ഒരു ഡിക്രി അനുശാസിച്ചു, തെക്കുംഭാഗർക്കും വടക്കുംഭാഗർക്കും തിരിച്ച് ഇടവകകൾ വേണ്ട, ഇടവകകൾ സ്ഥലാതിർത്തികൾ വച്ച് തിരിച്ചാൽ മതിയെന്ന്. എന്നാൽ ഈ ഡിക്രി സമുദായങ്ങൾക്ക് സ്വീകാര്യമായില്ല. ഉദാഹരണത്തിന് ഉദയംപേരൂരും കണ്ടനാട്ടും ഇടവകകൾ ഈ പ്രശ്നത്തിന്റെ പേരിൽ 1603-ൽ കലഹിച്ചു. ഇരു ഇടവകകളിലും ജീവഹാനി പോലും സംഭവിച്ചു. കൊച്ചിരാജാവിന്റെ സൈന്യം ഇടപെട്ടു. അവസാനം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്യത്തെ ലത്തീൻ മെത്രാൻ മാർ ഫ്രാൻസീസ് റോസ് എസ്.ജെ. പരമ്പരാഗത സംവിധാനം പുനസ്ഥാപിച്ചു.

1600 മുതൽ 1887 വരെ ലത്തീൻ മെത്രാൻമാർ കേരളസഭ ഭരിച്ചിരുന്നപ്പോൾ പദ്രുവാദോ, പ്രൊപ്പഗാന്ത അധികാരങ്ങളിൽ ഒരേ വൈദിക മേലദ്ധ്യക്ഷന്റെ ഭരണത്തിൻ കീഴ് മൂന്ന് സഭാഘടകങ്ങൾ നിലനിന്നിരുന്നു: ലത്തീൻ ഇടവകകൾ, വടക്കുംഭാഗരുടെ സുറിയാനി ഇടവകകൾ, തെക്കുംഭാഗരുടെ സുറിയാനി ഇടവകകൾ. 1887ൽ ലത്തീൻകാരേയും സുറിയാനിക്കാരേയും വേർതിരിച്ച് സുറിയാനിക്കാർക്കുവേണ്ടി തൃശൂർ, കോട്ടയം അപ്പസ്തോലിക് വികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ അന്നത്തെ കോട്ടയം വികാരിയാത്തിൽ ഒരേ മെത്രാന്റെ അധികാരത്തിൻ കീഴ് തെക്കുംഭാഗർക്കും വടക്കുംഭാഗർക്കും സ്വന്തമായ ഇടവകകളും വൈദികഗണങ്ങളും ഉണ്ടായിരുന്നു. 1896-ൽ തൃശൂർ, കോട്ടയം വികാരിയാത്തുകളെ പുനസംഘടിപ്പിച്ച് തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി വികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ തെക്കുംഭാഗരുടെ ഇടവകകൾ അധികവും ചങ്ങനാശ്ശേരി വികാരിയാത്തിലും ചുരുക്കം ചില തെക്കുംഭാഗ ഇടവകകൾ മാത്രം എറണാകുളം വികാരിയാത്തിലും ആയി നിലനിന്നു. 1911-ൽ തെക്കുംഭാഗ ജനത്തിനുവേണ്ടി കോട്ടയം വികാരിയാത്ത് പുതുതായി സ്ഥാപിച്ചപ്പോൾ മാത്രമാണ് ക്നാനായ ഇടവകകളെല്ലാം ക്നാനായ സ്വന്തം മെത്രാന്റെ ഭരണത്തിൻ കീഴ് ആകുന്നത്. 1923-ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിതമായപ്പോൾ കോട്ടയം അപ്പസ്തോലിക് വികാരിയാത്ത് കോട്ടയം രൂപതയായി ഉയർത്തപ്പെട്ടു. 2005-ൽ കോട്ടയം അതിരൂപതയായി.

എ.ഡി. 345 മുതൽ ക്നാനായ വൈദിക ഗണത്തിനും 1911 മുതൽ ക്നാനായ വൈദികമേലധ്യക്ഷനും ക്നാനായ വികാരിമാർക്കും മാത്രമേ ക്നാനായ ജനത്തിനുമേൽ വ്യക്തിഗത അജപാലന അധികാരമുണ്ടായിരുന്നുള്ളൂ. അക്കാലത്ത് ക്നാനായർ മധ്യതിരുവിതാംകൂർ പ്രദേശത്ത് മാത്രമാണുണ്ടായിരുന്നത്. 1940-കളിലാണ് ക്നാനായരിൽ കുറേപ്പേർ സീറോ മലബാർ സ്വയാധികാര സഭയുടെ അധികാര പരിധിയായിരുന്ന ഭാരതപ്പുഴയ്ക്ക് വടക്ക് ബ്രിട്ടീഷ് മലബാറിലേക്ക് കുടിയേറിയത്. അധികാര പരിധി 1955-ൽ സൗത്ത് കാനറ ഉൾപ്പെടുന്ന പ്രദേശങ്ങളിലേക്ക് വികസിപ്പിച്ചു. എങ്കിലും ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും ഇപ്പോഴും സീറോ മലബാർ സഭയുടെ ക്ലിപ്ത അധികാരപരിധിക്കു വെളിയിലാണ്.

കോട്ടയം അതിരൂപതയിലെ ക്നാനായ വൈദിക മേലധ്യക്ഷനും വൈദികർക്കും സ്വന്തം അധികാര പരിധിക്കുള്ളിലുള്ള ക്നാനായ കത്തോലിക്കരുടെ മേൽ മാത്രമേ അജപാലന അധികാരമുള്ളൂ. സ്വന്തം അധികാര പരിധിക്കു വെളിയിൽ ഇന്ത്യയിലും വിദേശങ്ങളിലും അധിവസിക്കുന്ന ക്നാനായക്കാരുടെ മേൽ കോട്ടയം മെത്രാപ്പോലീത്തയ്ക്കോ കോട്ടയം അതിരൂപതയിലെ വികാരിമാർക്കോ അജപാലന അധികാരമില്ല. അവരുടെ മേൽ അജപാലന അധികാരം അവിടങ്ങളിലെ സീറോ മലബാർ അല്ലെങ്കിൽ ലത്തീൻ സ്ഥലമേലധ്യക്ഷന്മാർക്കാണുള്ളത്. സ്വന്തം അധികാര പരിധിക്കുള്ളിൽതന്നെ ക്നാനായ പള്ളികൾ ഇല്ലാത്ത പ്രദേശത്ത് വസിക്കുന്ന ക്നാനായ കത്തോലിക്കരുടെ അജപാലനം താൽക്കാലികമായോ സ്ഥിരമായോ ക്നാനായേതര ഇടവക വികാരിക്ക് ഡെലഗേറ്റ് ചെയ്യാറുണ്ട്. ഉദാഹരണമായി വാഴക്കുളത്ത് താമസിക്കുന്ന ക്നാനായ കുടുംബങ്ങൾ അവിടുത്തെ കൊവേന്ത ഇടവകയിൽ നിന്ന് സാധാരണയായി അജപാലനം സ്വീകരിക്കുന്നു. വിവാഹം തുടങ്ങിയ കാര്യങ്ങൾക്കേ നിയമാനുസൃതമായി സ്വന്തം ചുങ്കം ഫൊറോനോ പള്ളി വികാരിയെ അവർ സമീപിക്കുന്നുള്ളൂ. മറിച്ചും ഇപ്രകാരമുള്ള ഡെലഗേഷൻ വഴി ക്നാനായേതര കുടുംബങ്ങൾ ക്നാനായ ഇടവകകളിൽ നിന്ന് അജപാലനം സ്വീകരിക്കുന്നുണ്ട്. ഉദാഹരണത്തിന് ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായ ചില കുടുംബങ്ങൾ ഒളശ്ശ സെന്റ് ആന്റണീസ് ഇടവകയിൽ നിന്ന്.

## VII ചിക്കാഗോ ലത്തീൻ ആർച്ച് ഡയസ്സിസിന്റെ അധികാരത്തിൻകീഴ്സ്ഥാപിതമായ ക്നാനായ കാത്തലിക് സ്പെഷ്യൽ മിനിസ്ട്രിയിലെ അംഗത്വത്തെക്കുറിച്ച് 1986-ൽ റോമിലെ പൗരസ്ത്യ തിരുസംഘം ചിക്കാഗോ ആർച്ച്ബിഷപ്പിനു നൽകിയ Rescript ന്റെ പശ്ചാത്തലവും പ്രശ്നപരിഹാര മാർഗ്ഗങ്ങളും.

1979-ൽ ചിക്കാഗോയിലെ ക്നാനായ കത്തോലിക്കർ സമ്മേളിച്ചപ്പോൾ ആരംഭിച്ച സാമൂഹിക സംഘടനയാണ് KANA (Knanaya Association of North America). ഇതിൽ ക്നാനായേതരുമായി വിവാഹബന്ധമുണ്ടായിരുന്ന ചുരുക്കം ചില ക്നാനായരും അംഗങ്ങളായി. താമസിയാതെതന്നെ ക്നാനായേതരുമായി വിവാഹബന്ധമുണ്ടായിരുന്ന ക്നാനായർക്ക് അംഗത്വം നൽകാത്ത മറ്റൊരു സംഘടനയും KCS (Knanaya Catholic Society) എന്നപേരിൽ ചിക്കാഗോയിൽ സ്ഥാപിതമായി.

KCS അംഗങ്ങളായ 200ൽ അധികം കുടുംബങ്ങൾ ചിക്കാഗോ ലത്തീൻ അതിരൂപതയുടെ കീഴിൽ ഒരു ക്നാനായ കാത്തലിക് സ്പെഷ്യൽ മിനിസ്ട്രി നടത്തുന്നതിന് ഒരു ക്നാനായ വൈദികനെ അയയ്ക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി

പിതാവിന് 1981 ജനുവരി 17-ാം തീയതി ഒരു നിവേദനം സമർപ്പിച്ചു. അഭിവന്ദ്യ കുന്നശ്ശേരി പിതാവും ചിക്കാഗോ ലത്തീൻ ആർച്ചു ബിഷപ്പുമായി നടന്ന കത്തിടപാടുകളുടെ ഫലമായി 1983 ഒക്ടോബർ 7-ാം തീയതി ചിക്കാഗോ അതിരൂപത ഒരു വൈദികന്റെ സേവനം ആവശ്യപ്പെട്ടു. ചൊള്ളമ്പേൽ ബ. ജേക്കബച്ചനെയാണ് അഭിവന്ദ്യ കുന്നശ്ശേരി പിതാവ് അതിനായി അയച്ചത്. Malayalam Speaking Catholics of Chicago- യ്ക്ക് ഒരു സ്പെഷ്യൽ പാസ്റ്ററൽ മിനിസ്ട്രി നടത്തുന്നതിനാണ് ബഹു. ചൊള്ളമ്പേലച്ചൻ ആദ്യമായി നിയോഗിക്കപ്പെട്ടത്. പക്ഷേ, ക്നാനായ കത്തോലിക്കർ മാത്രമേ അദ്ദേഹത്തിന്റെ മിനിസ്ട്രിക്ക് സാമ്പത്തിക സപ്പോർട്ട് നൽകുവാൻ തയ്യാറായുള്ളൂ.

പിന്നീട് ക്നാനായേതര സീറോ - മലബാർ കത്തോലിക്കരും തങ്ങൾക്കുവേണ്ടി സ്വന്തമായ ഒരു സ്പെഷ്യൽ പാസ്റ്ററൽ മിനിസ്ട്രി വേണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് അപ്രകാരമൊന്ന് 1985 ആഗസ്റ്റ് മാസം 25-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ടു.

അപ്പോൾ ആണ് പ്രശ്നമുണ്ടായത്. ക്നാനായേതരെ വിവാഹം കഴിച്ച ജന്മനാ ക്നാനായരായവരുടെ പത്തോളം കുടുംബങ്ങൾ അന്ന് ചിക്കാഗോയിൽ ഉണ്ടായിരുന്നു. അവർക്കുകൂടി ക്നാനായ കത്തോലിക്കാ സ്പെഷ്യൽ മിനിസ്ട്രിയിൽ തുല്യാംഗത്വം നൽകണമെന്ന് അവരും അവരുടെപക്ഷം നിന്ന പ്രധാനമായും KANA സംഘടനയിലെ അംഗങ്ങളും നിർബന്ധമായി ആവശ്യപ്പെടുവാൻ തുടങ്ങി. KCS അംഗങ്ങൾക്ക് അതു പൊതുവേ സ്വീകാര്യമായിരുന്നില്ല. ചിക്കാഗോ ആർച്ചു ഡയസിഷൻ ചാൻസറിയിൽ ഈ വിവാദം ചർച്ച ചെയ്യപ്പെട്ടു. പ്രശ്ന പരിഹാരത്തിന് ചിക്കാഗോ ആർച്ച്ബിഷപ് അത്യുന്നത കർദ്ദിനാൾ ജോസഫ് ബർണർഡിൻ റോമിലെ പൗരസ്ത്യ തിരുസംഘത്തിന് ഒരു അജപാലന പദ്ധതി സമർപ്പിച്ചു. ആ പദ്ധതി അംഗീകരിച്ചുകൊണ്ട് പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് അത്യുന്നത കർദ്ദിനാൾ സൈമൺ ലൂർദ്ദുസാമി 1986 ജനുവരി 30-ന് Prot No 124/83 ആയി ഒരു Rescript കാർഡിനൽ ബർണർഡീന് അയച്ചുകൊടുത്തു.

**Rescript നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്**

1. ക്നാനായ സമുദായത്തിനുവേണ്ടിയുള്ള സ്പെഷ്യൽ മിനിസ്ട്രി വിശ്വസ്തതയോടെ നടത്തപ്പെടുവാൻ സാധിക്കുക ക്നാനായേതരെ വിവാഹം ചെയ്ത ക്നാനായർക്കും അതിൽ തുല്യാംഗത്വം ഉണ്ടായിരിക്കണമെന്ന രീതിയിൽ മാത്രമായിരിക്കുമെന്ന് അങ്ങു സമർപ്പിച്ച അജപാലന പദ്ധതിയോട് ഈ കോൺഗ്രിഗേഷൻ പൂർണ്ണമായി യോജിക്കുന്നുവെന്ന് ഇതിനാൽ അറിയിക്കുന്നു.

2. ക്നാനായേതരെ വിവാഹം കഴിക്കുന്ന ജന്മനാ ക്നാനായരായവരെ സമുദായത്തിൽ നിന്ന് ഒഴിവാക്കുന്നവിധം കേരളത്തിൽ നിലനിൽക്കുന്ന പാരമ്പര്യ നടപടിക്രമം അമേരിക്കൻ ഐക്യനാടുകളിലേക്കും വ്യാപിപ്പിക്കാമെന്ന് ഈ കോൺഗ്രിഗേഷൻ സമ്മതിക്കുന്നില്ല.

പക്ഷേ, ചിക്കാഗോയിലെ ബഹുഭൂരിപക്ഷം ക്നാനായർക്കും ആ നിർദ്ദേശങ്ങൾ സ്വീകാര്യമായില്ല. അവർ അതിനെ എതിർത്തു. തർക്കങ്ങൾ ഉണ്ടായി. compromise formula-കൾ ഒന്നും സ്വീകാര്യമായില്ല. അതുകൊണ്ട് അന്നുമുതൽ പാരീഷ് കൗൺസിലോ യോഗമോ ഒന്നും ഇല്ലാതെ ushers-ന്റെ സേവനം മാത്രം ഉപയോഗിച്ചുകൊണ്ടു ക്നാനായ കത്തോലിക്ക് സ്പെഷ്യൽ മിനിസ്ട്രി അതിനായി നിയോഗിക്കപ്പെട്ട കോട്ടയം രൂപതാ വൈദികന്റെ നേതൃത്വത്തിൽ നിർവഹിച്ചുപോന്നു.

പ്രശ്ന പരിഹാരത്തിനായി ദീർഘവും സമഗ്രവുമായ ഒരു പെറ്റീഷൻ അഭിവന്ദ്യ കുന്നശ്ശേരി പിതാവ് 1996 ജൂലൈ 15-ന് പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് അത്യുന്നത കർദ്ദിനാൾ അക്കിലെ സിൽവെസ്ത്രീനിക്ക് നൽകി (see *Kynanaya Pearl*, ed. G.. Karukaparambil, Kottayam 2005, pp 25-51). Rescript പിൻവലിച്ചുകൊണ്ടോ ക്നാനായ സമുദായത്തിന്റെ പാരമ്പര്യാനുസരണം കേരളത്തിൽ നിലനിൽക്കുന്നതു പോലുള്ള സംവിധാനം അമേരിക്കയിലും അനുവദിച്ചുകൊണ്ടോ പ്രശ്നം പരിഹരിക്കണമെന്നാണ് അഭ്യർത്ഥിച്ചത്.

പക്ഷേ, തിരുസംഘത്തിന്റെ തീരുമാനം നമുക്ക് അനുകൂലമായിരുന്നില്ല. എങ്കിലും 1997 ഒക്ടോബർ 3-ന് അത്യുന്നത കർദ്ദിനാൾ സിൽവെസ്ത്രീനി അയച്ച കത്തിൽ (Prot N. 24/91) നിർദ്ദേശിച്ചിരുന്നു:

"This Congregation is aware of the concern which your Excellency expresses for the care of the faithful of the Eparchy of Kottayam living outside the proper territory. However, in order to respect the Major Archbishop, this Congregation asks that those matters presented to this Congregation regarding the Syro-Malabar faithful in the Diaspora, be presented in *the name of* or *with the consent of* the Major Archbishop, .... who has the legitimate right and obligation to inquire into the condition of the pastoral care of the Syro-Malabar faithful living outside the proper territory of the Major Archiepiscopal Church (CCEO 148)".

2001- ൽ St. Thomas Syro-Malabar Eparchy of Chicago സ്ഥാപിതമായപ്പോൾ നിയുക്തനായ അഭി. മാർ ജേക്കബ് അങ്ങാടിയത്ത് മെത്രാന് പൗരസ്ത്യ തിരുസംഘം നൽകിയ instruction-ലും ക്നാനായ കാത്തലിക് മിഷനുകളുടെ നടത്തിപ്പിൽ 1986-ലെ Rescript ന്റെ നിർദ്ദേശം പ്രാവർത്തികമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അക്കാര്യം അങ്ങാടിയത്ത് പിതാവ് ക്നാനായ കാത്തലിക് മിഷനുകളെ അറിയിച്ചിട്ടുണ്ട്. എങ്കിലും ചിക്കാഗോ സീറോ മലബാർ രൂപതയിലുള്ള പത്ത് ക്നാനായ കാത്തലിക് മിഷനുകളിലും പ്രസ്തുത Rescript നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല. ക്നാനായേതരുമായി വിവാഹബന്ധമുള്ള ജന്മനാ ക്നാനായ കത്തോലിക്കർക്ക് ഈ ക്നാനായ കാത്തലിക് മിഷനുകളിൽ തുല്യാംഗത്വം നൽകിയിട്ടില്ല. അമേരിക്കയിലെ ക്നാനായ കത്തോലിക്കരുടെയും കൂടി മെത്രാനായി നിയമിതനായിരിക്കുന്ന മാർ ജേക്കബ് അങ്ങാടിയത്തു പിതാവിന് മറ്റെല്ലാ കാര്യങ്ങളിലും വിധേയത്വം നൽകിക്കൊണ്ടുതന്നെ പ്രസ്തുത Rescript നിർദ്ദേശങ്ങൾ നമ്മുടെ ക്നാനായ കാത്തലിക് മിഷനുകളിൽ നടപ്പിലാക്കുവാൻ നാം വിസമ്മതിക്കുകയാണ്. കഴിഞ്ഞ 21 വർഷങ്ങളിലും ഈ എതിർപ്പ് തുടരുന്നു. കാരണം, ക്നാനായ സമുദായത്തിന്റെ സ്വയം സംരക്ഷണത്തിനുള്ള അവശ്യഘടകമാണ് സ്വസമുദായവിവാഹനിഷ്ഠ. ഇനിയത് വേണ്ടെന്നു വയ്ക്കുന്നത് ക്നാനായ സമുദായത്തിന് ആത്മഹത്യാപരമായിരിക്കും. അതുമാറ്റുവാൻ ആർക്കും അധികാരമില്ല. അതുമാറ്റിയാൽ പതിനാറര നൂറ്റാണ്ടുകാലം നിലനിന്നിരുന്ന ക്നാനായ സമുദായം പിന്നെ അതിന്റെ തനിമയിൽ ഉണ്ടായിരിക്കുകയില്ല.

നമ്മുടെ സമുദായത്തിന്റെ അടിസ്ഥാന ഘടനയ്ക്കും സഭാഘടകത്തിന്റെ സുസ്ഥിതിക്കും വിരുദ്ധമാണ് ഈ Rescript നിർദ്ദേശങ്ങൾ. പതിനാറര നൂറ്റാണ്ടിലെ പാരമ്പര്യത്തിന് വിരുദ്ധമായ ഈ നിർദ്ദേശങ്ങൾ നമുക്ക് സ്വീകരിക്കുവാൻ സാധിക്കുകയില്ല. ഈ Rescript നിർദ്ദേശങ്ങൾ നിർബന്ധമായും നടപ്പിലാക്കുവാൻ കല്പിക്കരുതെന്ന് പരി. റോമാ സിംഹാസനത്തോട് അഭ്യർത്ഥിക്കുകയാണ് വേണ്ടത്. 1997-ൽ നൽകിയ നിർദ്ദേശമനുസരിച്ച് മേജർ ആർച്ച് ബിഷപ്, അത്യുന്നത കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ സമ്മതം കൂടി അപേക്ഷിച്ചുവാങ്ങിക്കൊണ്ട് അഭി. മൂലക്കാട്ട് പിതാവ് പരി. സിംഹാസനത്തോട് അഭ്യർത്ഥിച്ചു കഴിഞ്ഞു. പരി. സിംഹാസനത്തിൽ നിന്ന് അനുകൂലമായ തീരുമാനം ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

## VIII അനുരഞ്ജന സംവാദങ്ങൾ

ക്നാനായേതരുമായി വിവാഹബന്ധമുള്ള നമ്മുടെ സഹോദരന്മാരുമായി അനുരഞ്ജന സംവാദം നടത്തുന്നതും അഭികാമ്യമാണ്. അവർക്ക് ക്നാനായ കത്തോലിക്കാ സ്പെഷ്യൽ മിനിസ്ട്രിയിലും തുടർന്ന് ചിക്കാഗോ സീറോ മലബാർ രൂപതയുടെ ക്നാനായ കത്തോലിക്കാ മിഷനുകളിലും തുല്യാംഗത്വം വേണമെന്ന ആവശ്യം ക്നാനായ സമുദായത്തിലെ ഭൂരിപക്ഷം പേരും 21 വർഷമായി അംഗീകരിച്ചിട്ടില്ല. ഈ വിവാദം നമ്മുടെ സമുദായത്തിന്റെ സുസ്ഥിതിയെ വിപരീതമായി ബാധിച്ചിട്ടുണ്ട്. ക്നാനായ സമുദായത്തിന്റെ തനിമയ്ക്ക് ഏതോ വൈശിഷ്ട്യമുണ്ടെന്നു കരുതിയാണല്ലോ ക്നാനായ മിഷനുകളിൽ തങ്ങൾക്കും തുല്യാംഗത്വം വേണമെന്ന് അവർ ആവശ്യപ്പെട്ടുകൊണ്ടിരുന്നത്. അവരുടെ ആവശ്യം അംഗീകരിക്കപ്പെട്ടാൽ അവർ ആഗ്രഹിക്കുന്ന ക്നാനായ തനിമയുടെ വൈശിഷ്ട്യം അതുവഴി ഇല്ലാതാകുമെന്ന് അവർ ചിന്തിക്കണം. ക്നാനായ സമുദായത്തിന്റെ പൊതുവായ സുസ്ഥിതിയെ മുൻനിറുത്തി, ക്നാനായ മിഷനുകളിൽ തുല്യാംഗത്വത്തിനുവേണ്ടിയുള്ള അവകാശവാദങ്ങളിൽ നിന്ന് പിൻമാറുവാൻ അവർ ഇനിയും സന്മനസ്സു കാണിക്കില്ലേ? സുമനസ്സുകൾ ഇങ്ങനെയൊരു അനുരഞ്ജന ശ്രമം നടത്തിയാൽ അതു ഫലപ്രദമാകുമെന്ന് കരുതാം.

## ഉപസംഹാരം

ബാംഗ്ലൂരെ സ്വർഗ്ഗറാണി പള്ളിയേയും മാർ മാക്കിൽ ഗുരുകുലം സെമിനാരിയേയും കേന്ദ്രീകരിച്ച് ക്നാനായ കത്തോലിക്കാ ഇടവകകൾ ബാംഗ്ലൂർ ലത്തീൻ ആർച്ച് ബിഷപ്പിന്റെ അജപാലന അധികാരത്തിൽ സ്ഥാപിച്ചുകിട്ടണമെന്ന അഭ്യർത്ഥന അംഗീകരിക്കപ്പെടാതിരുന്നത് 1986ലെ Rescript ഉം തുടർന്ന് അങ്ങാടിയത്ത് പിതാവിനും വർക്കി വിതയത്തിൽ പിതാവിനും പൗരസ്ത്യ തിരുസംഘം നൽകിയ നിർദ്ദേശങ്ങളും മൂലമാണ്. അഭി. മൂലക്കാട്ട് പിതാവ് നൽകിയിരിക്കുന്ന അപ്പീൽ നിവേദനം പരിഗണിച്ച് റോമാ സിംഹാസനത്തിൽ നിന്നും ഉടനെ പരിഹാരമുണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം, അതിനായി പ്രാർത്ഥിക്കാം.